I/115463/2023

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

LR/14375/2022-LR(C2) തീയതി:24-01-2023

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ :അനുപമ ടി.വി. ഐ.എ.എസ് )

വിഷയം:- ഭൂമി ഏറ്റെടുക്കൽ-തിരുവനന്തപുരം ജില്ല -വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടേയും വികസനം -പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ആർ.ആർ.പാക്കേജ് അംഗീകരിച്ച് ഉത്തരവാകുന്നത്-സംബന്ധിച്ച്

സൂചന:- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01-12-2022,12-01-2023 തീയതികളിലെ k3-216321/2019 നമ്പർ കത്ത്.

തിരുവനന്തപുരം ജില്ല,തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടേയും വികസനത്തിനു 300 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 22-10-2021 ലെ G.O.(Rt)No.3548/2021/RD നമ്പർ ഭരണാനുമതി ഉത്തരവ് സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. RFCTLARR Act പ്രകാരമുള്ള 4(1) വിജ്ഞാപനം 05-06-2020 ലെ 1348 നമ്പർ അസാധാരണ ഗസറ്റിലും 11(1) പ്രാഥമിക വിജ്ഞാപനം 06-06-22 ലെ 1849 നമ്പർ (വാല്യം 11) അസാധാരണ ഗസറ്റിലും ഭേദഗതി വിജ്ഞാപനം 14-10-22 ലെ 3518 നമ്പർ (വാല്യം 11) അസാധാരണ ഗസറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 43 (1), ജി.ഒ(പി) 590/15/ ആർ.ഡി.നമ്പർ ഉത്തരവ് പ്രകാരം എൽ.എ.ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിച്ചിട്ടുള്ളതാണ്. 29.12.2017 ലെ ജി.ഒ.(എം.എസ്) 448/2017/ആർ.ഡി. പ്രകാരമാണ് ആർ.ആർ. പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ കരട് പാക്കേജ് 07-10-22 ലെ കേരളാ കൗമുദി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, ആർ & ആർ പാക്കേജിനെ സംബന്ധിച്ച പൊതു വിചാരണ 25 -10 -22 ന് അഡ്മിനിസ്ട്രേറ്ററുടെ അദ്ധ്യക്ഷതയിൽ നടത്തിയിട്ടുള്ളതുമാണ്.ടി പാക്കേജിൽ 12 ഗുണഭോക്താക്കൾക്കായി 28,94,000/- രൂപയുടെ പാക്കേജാണ് ശുപാർശ ചെയ്തിട്ടുള്ളത്.

ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 44, 11.11.2015 ലെ ജി.ഒ.(പി)589/15/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്ന കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബ്ലോക്ക് നമ്പർ & സർവ്വെ നം. | പേരും മേൽവിലാസവും | ഘടകം | തുക* |
|---|---|---|---|---|
| 1 | 90, 24, 24/2, | ശ്രീ.നജീബ്.കെ.എസ്<br>അൽ-നാസ്ത ടേസ്റ്റി ഫുഡ് | 11 | 200000 |

| | | | | |
|---|---|---|---|---|
| | 24/3 | (ഹോട്ടൽ),വട്ടിയൂർക്കാവ്. | | |
| 2 | 90, 24, 24/2, 24/3 | ശ്രീ.ഷാഹുൽ ഹമീദ്, ശ്രീ.അനസ്, ശ്രീ.അനീസ് ജി.കെ.ട്രേഡേഴ്സ് (ഹാർഡ്‌വെയർകട) വട്ടിയൂർക്കാവ്. | 11 | 200000 |
| 3 | 90, 24, 24/2, 24/3 | ശ്രീമതി.മഞ്ചു.ടി ജീവനക്കാരി,ജി.കെ.ട്രേഡേഴ്സ് (ഹാർഡ്‌വെയർ കട) വട്ടിയൂർക്കാവ്. | 12 | 36000 |
| 4 | 90, 24, 24/2, 24/3 | ശ്രീ.അഖിൽ, ജീവനക്കാരൻ,ജി.കെ.ട്രേഡേഴ്സ് (ഹാർഡ്‌വെയർ കട) വട്ടിയൂർക്കാവ്. | 12 | 36000 |
| 5 | 90, 24, 24/2, 24/3 | ശ്രീ.അർജ്ജുൻ.എം, ജീവനക്കാരൻ,ജി.കെ.ട്രേഡേഴ്സ് (ഹാർഡ്‌വെയർ കട) വട്ടിയൂർക്കാവ്. | 12 | 36000 |
| 6 | 90, 26 | ശ്രീ.അബൂബക്കർ, ഹോസ്റ്റൽ കെട്ടിടം, വട്ടിയൂർക്കാവ്. | 8 | 50000 |
| 7 | 90, 26 | ശ്രീ.മുഹമ്മദ് ഫറൂഖ് ജീവനക്കാരൻ, ഹോസ്റ്റൽ കെട്ടിടം, വട്ടിയൂർക്കാവ്. | 12 | 36000 |
| 8 | 90, 173 | ശ്രീ.രാജൻ, താമസ വീട് ,വട്ടിയൂർക്കാവ്. | 1, 5, 6, 10 | 460000 |
| 9 | 90, 36/167 | ശ്രീ.മോഹനൻ, താമസ വീട് ,വട്ടിയൂർക്കാവ്. | 1, 5, 6, 10 | 460000 |
| 10 | 90, 39/169 | ശ്രീമതി.പത്മകുമാരി, താമസ വീട് ,വട്ടിയൂർക്കാവ്. | 1, 5, 6, 10 | 460000 |
| 11 | 90, 43 | ശ്രീ.രവിശങ്കർ, ശ്രീമതി. ഷൈലജ, താമസ വീട് ,വട്ടിയൂർക്കാവ്. | 1, 5, 6, 10 | 460000 |
| 12 | 90, 108 | ശ്രീമതി.സീനത്ത് ബീവി, ശ്രീ.ഹലീൽ അഹമ്മദ്, ശ്രീ.ഉനൈസ് അഹമ്മദ്, | 1, 5, 6, 10 | 460000 |

| | | | | |
|---|---|---|---|---|
| | | താമസ വീട് ,വട്ടിയൂർക്കാവ്. | | |
| | ആകെ | | | 28,94,000/- |

(ആകെ ഇരുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരം രൂപാ മാത്രം)

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചതിൽ, 2015 ലെ പൊന്നുംവില ചട്ടം 21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യത്തിനായി ഭൂമി വിട്ടു നൽകിയവർക്ക് പുനരധിവാസ പാക്കേജ് നിയമപ്രകാരം നൽകേണ്ടതുണ്ട്.**എന്നാൽ ഹോട്ടൽ നടത്തുന്ന ശ്രീ നജീബ് കെ.എസ് .,ജി .കെ ട്രേഡേഴ്സ് നടത്തുന്ന ശ്രീ .അനീസ് ,ശ്രീ.അനസ് ,ശ്രീ . ഷാഹുൽ ഹമീദ് (*) എന്നിവർക്ക് പാക്കേജ് പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിന് പകരം ടി പുനരധിവാസ പദ്ധതിയുടെ പൂർത്തീകരണ വേളയിൽ ആനുപാതിക വിസ്തീർണ്ണമുള്ള കട ടിഡ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ് ടിവിഷയത്തിൽ സർക്കാരിൽനിന്നും തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് ,പകരം കെട്ടിടം അർത്ഥനാധികാരി ലഭ്യമാക്കുകയാണെങ്കിൽ പാക്കേജിലെ ഘടകങ്ങൾ അനുവദിക്കേണ്ടതില്ല എന്ന നിബന്ധനയോടെ തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള ആർ & ആർ പാക്കേജ് അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

എൽ.എ.ആർ.ആർ. ആക്ട് 2013, സെക്ഷൻ 18 പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും, ചട്ടം 21 (6) പ്രകാരം പദ്ധതി പ്രദേശത്ത് പ്രചാരത്തിലുള്ള ഏതെങ്കിലും മലയാളം ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ANUPAMA T V IAS, COMMISSIONER CLR, O/o Commissioner CLR

പകർപ്പ് :- ജില്ലാ കളക്ടർ
തിരുവനന്തപുരം

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

Signed by Anupama T V Ias
Date: 24-01-2023 09:44:47